**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 233** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിനേഷൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് നിയന്ത്രണവിധേയമാക്കുന്നതിനും രോഗവ്യാപന നിയന്ത്രണത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കോവിഡ് നിയന്ത്രണ വിധേയമാക്കുന്നതിനും രോഗവ്യാപന നിയന്ത്രണത്തിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. രോഗബാധിതനെ എത്രയും നേരത്തെ കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ICU സൗകര്യങ്ങൾ എന്നിവ സജ്ജീകരിച്ചു. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഓക്സിജൻ വാർ റൂമുകളും ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് ചികിത്സക്കാവശ്യമായ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യത കെ.എം.എസ്.സി.എൽ മുഖാന്തിരം ഉറപ്പുവരുത്തി. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി കെ.എ.എസ്.പി-ൽ എംപാനൽ ചെയ്ത രോഗികൾക്കും കോവിഡ് ചികിത്സ 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രാഥമികാരോഗ്യകേന്ദ്ര തലം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിനു ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി വരുന്നു. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ നിരന്തരമായി നടത്തി വരുന്നു. വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. കുട്ടികൾക്കുള്ള ചികിത്സാസൗകര്യം കൂട്ടതലായി സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു. കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ ആർ.റ്റി.പി.സി.ആർ പരിശോധന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. WIPR മാനദണ്ഡങ്ങളനുസരിച്ച് കണ്ടെയിൻമെന്റ് സോണുകൾ നിലവിൽ വന്നു. |
| (ബി) | കോവിഡുമായി ബന്ധപ്പെട്ട ഇളവുകൾ പ്രഖ്യാപിക്കുമ്പോഴും റ്റി.പി.ആർ. നിരക്ക് കുറയാതിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിദഗ്ധ സമിതിയുടെ തീരുമാനം അടിസ്ഥാനമാക്കിയാണോ സംസ്ഥാനത്ത് ഇളവുകൾ അനുവദിക്കുന്നത്; | (ബി) | വിലയിരുത്തിയിട്ടുണ്ട്. ലോകാരോഗ്യ സംഘടന ഗൈഡ് ലൈൻ പ്രകാരം കോവിഡ് നിയന്ത്രണ വിധേയമാണെന്ന് വിലയിരുത്തുന്നത് റ്റി.പി.ആർ 5%-ൽ താഴെ വരുമ്പോഴാണ്. 2021 മാർച്ച് മുതൽ ഇന്ത്യയൊട്ടുക്കും കോവിഡ് കേസുകൾ വർദ്ധിക്കുകയും തുടർന്ന് ഏപ്രിൽ ആദ്യവാരം മുതൽ കേരളത്തിലും ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തു. ഇതിനെതുടർന്ന് സംസ്ഥാനമൊട്ടുക്കും മുഴുവൻ സമയ ലോക് ഡൗൺ ഏർപ്പെടുത്തുകയുമുണ്ടായി. ഇതിനെ തുടർന്ന് ദിനംപ്രതി റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ കുറവ് വരികയും ജൂൺ രണ്ടാമത്തെ ആഴ്ചയോടുകൂടി ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം പതിനായിരത്തിനോടടുത്തും റ്റി.പി.ആർ 10% ത്തോടടുത്തും എത്തിക്കാൻ കേരളത്തിനും കഴിഞ്ഞു. തുടർന്ന് അഞ്ച് ആഴ്ചയോളം റ്റി.പി.ആർ നിരക്ക് 10% അടുത്ത് പിടിച്ചു നിർത്താൻ സംസ്ഥാനത്തിനായി. ഈ കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റ്റി.പി.ആർ അടിസ്ഥാനമാക്കിയാണ് കണ്ടെയിൻമെന്റ് സോണുകൾ നിശ്ചയിച്ചിരുന്നത്. |
| (സി) | റ്റി.പി.ആർ.-ൽ നിന്നും വ്യത്യസ്തമായി ഡബ്ല്യൂ.ഐ.പി.ആർ. പരിഗണിക്കുന്ന സാഹചര്യത്തിൽ രോഗനിയന്ത്രണത്തിനായി | (സി) | ഉന്നതതല യോഗ തീരുമാനപ്രകാരം കണ്ടെയിൻമെന്റ് സോൺ നിർണ്ണയവും കോൺടാക്ട് ട്രേസിംഗും ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആരോഗ്യ |

| | | | |
|---|---|---|---|
| | സ്വീകരിച്ചുവരുന്ന പ്രാദേശിക നടപടികൾ വ്യക്തമാക്കുമോ; | | വിദഗ്ധരോട് കൂടിയാലോചിച്ച് റ്റി.പി.ആർ നിർണ്ണയത്തിൽ നിന്നും ഡബ്ല്യൂ.ഐ.പി.ആർ നിർണ്ണയത്തിലേക്ക് കേരളം മാറി. ഒരു വാർഡിൽ ഉള്ള ആകെ ജനങ്ങളിൽ ഒരു ആഴ്ചയിൽ കോവിഡ് പോസിറ്റീവ് ആയവരുടെ നിരക്കിനെയാണ് ഡബ്ലിയൂ.ഐ.പി.ആർ എന്ന് പറയുന്നത്. ആയതിനെ കണക്കാക്കുന്നത് താഴെ പറയുന്ന രീതിയിലാണ്. WIPR= ഒരു ആഴ്ചയിലെ കോവിഡ് പോസിറ്റീവ് എണ്ണം x1000 / പഞ്ചായത്ത്/അർബൻ വാർഡ് ജനസംഖ്യ WIPR 10 -ന് മുകളിൽ റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിൽ കടുത്ത ലോക്ഡൗൺ നിയന്ത്രണങ്ങൾ നടത്തിവരുന്നു. കൂടാതെ പ്രസ്തുത കണ്ടെയിൻമെന്റ് സോൺ പ്രദേശങ്ങളുടെ പട്ടിക എല്ലാ ആഴ്ചയും പുനപരിശോധിക്കുകയും കോവിഡ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. |
| (ഡി) | വാക്സിനേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്നും സംസ്ഥാനത്ത് പൂർണ വാക്സിനേഷൻ എത്രപേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയത് എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ; | (ഡി) | സെപ്റ്റംബർ 29-ാം തിയതി സംസ്ഥാനത്ത് 2,46,48,965(രണ്ട് കോടി നാൽപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി അറുപത്തി അഞ്ച്) പേർക്ക് ഒന്നാം ഡോസ് കോവിഡ് വാക്സിനും 1,08,55,907 (ഒരു കോടി എട്ട് ലക്ഷത്തി അമ്പത്തി അയ്യായിരത്തി തൊള്ളായിരത്തി ഏഴ്) പേർക്ക് രണ്ടാം ഡോസ് കോവിഡ് വാക്സിനും നൽകിയിട്ടുണ്ട്. 2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ പ്രകാരം 18 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ 40 % പേർക്ക് രണ്ട് ഡോസും നൽകിയിട്ടുണ്ട്. |
| (ഇ) | വാക്സിനേഷന് വിമുഖത പുലർത്തുന്നവരുടെ കണക്ക് എടുത്തിട്ടുണ്ടോ; അലർജിയോ മറ്റ് അസുഖങ്ങളോ മൂലം വാക്സിനേഷൻ സ്വീകരിക്കാൻ കഴിയാത്തവരുടെ കാര്യത്തിൽ എന്തു മാർഗമാണ് അവലംബിക്കുന്നതെന്ന് വിശദമാക്കുമോ; | (ഇ) | വാക്സിനേഷൻ വിമുഖത പുലർത്തുന്നവരുടെ കണക്ക് എടുത്തിട്ടില്ല. വിമുഖതയുള്ളവരോട് നേരിട്ട് ആരോഗ്യപ്രവർത്തകർ സംസാരിച്ച് വാക്സിനെടുക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖ പ്രകാരം അലർജിയുള്ളവർക്ക് കോവിഡ് വാക്സിൻ നൽകാൻ കഴിയില്ല. |
| (എഫ്) | സംസ്ഥാനത്ത് സമ്പൂർണ വാക്സിനേഷൻ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (എഫ്) | സംസ്ഥാനത്ത് സെപ്റ്റംബർ 29-ാം തിയതി വരെ 18 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ 92% പേർക്ക് ഒന്നാം ഡോസ് വാക്സിനും 40% പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. വാക്സിൻ ലഭ്യമാകുന്ന മുറയ്ക്കും, ഒന്നാം ഡോസ് എടുത്തയാളിന്റെ രണ്ടാം ഡോസിനുള്ള സമയം ആകുന്ന മുറയ്ക്കും വാക്സിനേഷൻ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ജി) | തദ്ദേശഭരണതലത്തിൽ വാക്സിനേഷൻ | (ജി) | സംസ്ഥാനത്ത് 1200-ൽ അധികം കോവിഡ് |

| | | | |
|---|---|---|---|
| | സംബന്ധിച്ച് നടത്തുന്ന സർവ്വേ ഫലപ്രദമാണോ; ഇനിയും വാക്സിനേഷൻ എടുക്കാത്തവരുടെ കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | | വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിനേഷൻ നൽകിവരുന്നു. ഇതുവരെ വാക്സിൻ സ്വീകരിക്കാത്തവർക്ക് കോവിൻ പോർട്ടൽ വഴി ബുക്ക് ചെയ്തോ, കോവിഡ് വാക്സിനേഷൻ സെന്ററുകളിൽ നേരിട്ട് പോയി സ്പോട്ട് രജിസ്ട്രേഷൻ വഴിയോ വാക്സിൻ എടുക്കാവുന്നതാണ്. കോവിഡ് വാക്സിൻ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ